ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിക്കണമെങ്കിൽ രണ്ട് മലയാളം ഡിവിഷനുകൾ വേണമെന്ന സർക്കാർ ഉത്തരവ്

24 (5132) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിക്കണമെങ്കിൽ രണ്ട് മലയാളം ഡിവിഷൻ വേണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവ് കാരണം ഇപ്പോൾ സർക്കാർ സ്ക്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ക്ളാസുകളിൽ പഠിക്കുന്ന കുട്ടികൾ അൺ എയ്ഡഡ് സ്ക്കുളുകളിലേക്ക് മാറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) രണ്ട് മലയാളം മീഡിയം ഡിവിഷനുകൾ പ്രവർത്തിക്കുന്നെങ്കിൽ മാത്രമേ ഇംഗ്ലീഷ് മീഡിയം ക്ളാസ്സുകൾ ആരംഭിക്കുവാൻ പാടുള്ളൂ എന്നാണ് നിലവിലുള്ള ചട്ടം.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

9-ാം ക്ലാസിലെ ഹിന്ദി പാഠപുസ്തകം

25 (5157) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ക്ലാസ്സിലെ പരിഷ്കരിച്ച ഹിന്ദി പാഠപുസ്തകത്തിൽ ഓരോ പുറത്തിലെയും ഹിന്ദി വാക്കുകളുടെ അർത്ഥം ഇംഗ്ലീഷിലാണ് കൊടുത്തിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പുസ്തകം ഇംഗ്ലീഷ് മീഡിയം കുട്ടികളെ ലക്ഷ്യമാക്കിയാണ് നിർമ്മിച്ചതെങ്കിൽ ലക്ഷക്കണക്കിന് മലയാളം മീഡിയം വിദ്യാർത്ഥികൾക്ക് സഹായകരമാവുന്ന വിധത്തിൽ പുസ്തകം തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സർക്കാരിന്റെ ഔദ്യോഗിക ഭാഷാനയത്തിനു വിരുദ്ധമായി ഇത്തരത്തിൽ പുസ്തകം തയ്യാറാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly